"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ശ്രീ. പി.എം.എ ജലീൽ മുതൽപേർ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C)No. 17500/2026 നമ്പർ കേസിലെ 22.05.2026-ലെ വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1318/2026/LSGD തീയതി,തിരുവനന്തപുരം, 21-07-2026

---

പരാമർശം:-

1. സ.ഉ.(കൈ) നം.86/2022/LSGD തീയതി 19.04.2022.
2. സ.ഉ.(കൈ) നം.16/2026/തസ്വഭവ തീയതി 12.01.2026.
3. ശ്രീ പി.എം.എ ജലീൽ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി മുമ്പാകെ സമർപ്പിച്ച 13.03.2026 ലെ പരാതി (Exhibit P4).
4. ശ്രീ. പി.എം.എ ജലീൽ മുതൽപേർ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) No. 17500/2026 നമ്പർ കേസിലെ 22.05.2026-ലെ ഉത്തരവ്.
5. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 04.06.2026 ലെ LSGD/PD/8231/2026-DPLD1 നമ്പർ റിപ്പോർട്ട്
6. സ.ഉ(സാധാ) 1248/2026/LSGD തീയതി 06.07.2026 നമ്പർ സർക്കാർ ഉത്തരവ്.
7. ശ്രീ പി.എം.എ ജലീൽ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി മുമ്പാകെ സമർപ്പിച്ച 07.07.2026 ലെ കത്ത്.
8. ശ്രീ പി.എം.എ ജലീലിന് അയച്ച 10.07.2026-ലെ ഡിഎ3/106/2026-തസ്വഭവ നമ്പർ സർക്കാർ കത്ത്.
9. ശ്രീ പി.എം.എ ജലീൽ ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി മുമ്പാകെ സമർപ്പിച്ച 11.07.2026 ലെ കത്ത്.
10. സ.ഉ(സാധാ) 1288/2026/LSGD തീയതി 15.07.2026 നമ്പർ സർക്കാർ ഉത്തരവ്.

**ഉത്തരവ്**

പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം നഗരസഭയിൽ വാർഡ് സഭകൾ പൂർണ്ണമായും ചേരാതെ വാർഷിക പദ്ധതി അംഗീകരിച്ചതുമായി ബന്ധപ്പെട്ട് ശ്രീ. പി.എം.എ ജലീൽ മുതൽപേർ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) No. 17500/2026 നമ്പർ കേസിന്റെ പരാമർശം (4) ഉത്തരവിൽ, ഉത്തരവ് കൈപ്പറ്റി പരമാവധി 6 ആഴ്ചക്കകം, അഞ്ചാം എതിർകക്ഷി

പരാതിക്കാരെയും 1 & 2 എതിർകക്ഷികളെയും നേരിൽ കേട്ട് ഈ വിഷയത്തിൽ പരാമർശം (3) പ്രകാരം സർക്കാരിൽ ലഭ്യമായ പരാതിയിൽ (Exhibit P4), തീർപ്പുകൽപ്പിക്കണമെന്ന് ഉത്തരവായിരുന്നു.

(2) ഒറ്റപ്പാലം നഗരസഭ വാർഡ്സഭകൾ പൂർത്തിയാക്കുന്നതിന് മുമ്പ് വികസന സെമിനാർ നടത്തുകയും 2026-27 വാർഷിക പദ്ധതി സമർപ്പിച്ച് അംഗീകാരം നേടുകയും ചെയ്തു എന്നും, ചട്ടവിരുദ്ധമായും നടപടിക്രമങ്ങൾ പാലിക്കാതെയും ഒറ്റപ്പാലം നഗരസഭ സമർപ്പിച്ച 2025-26 വർഷത്തെ ഭേദഗതി പ്രൊജക്ടുകൾക്കും 2026-27 വാർഷിക പദ്ധതിക്കും നൽകിയ അംഗീകാരം റദ്ദാക്കണമെന്നും ആവശ്യപ്പെട്ട് ശ്രീ.പി.എം.എ ജലീൽ 18.03.2026ന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് മുമ്പാകെ സമർപ്പിച്ച നിവേദനമാണ് എക്സിബിറ്റ് P4.

(3) ബഹു. കോടതി ഉത്തരവുപ്രകാരം തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് അണ്ടർ സെക്രട്ടറി, 07.07.2026-ന് രാവിലെ 10.30 മണിക്ക് ഹർജിക്കാരെയും 1 & 2 എതിർകക്ഷികളെയും നേരിൽ കേൾക്കുന്നതിന് തീരുമാനിക്കുകയും 29.06.2026-ന് ഈ വകുപ്പിൽ നിന്ന് അറിയിപ്പ് നൽകുകയും ചെയ്തിരുന്നു. 1 & 2 എതിർകക്ഷിയായ ഒറ്റപ്പാലം നഗരസഭയെ പ്രതിനിധീകരിച്ച് ജനറൽ വിഭാഗം അസിസ്റ്റന്റ് സെക്രട്ടറി ഹിയറിങ്ങിൽ പങ്കെടുക്കുകയും, ഈ വിഷയത്തിൽ നഗരസഭയുടെ വാദം വ്യക്തമാക്കിക്കൊണ്ട് വിശദമായ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ, ബന്ധപ്പെട്ട രേഖകൾ സഹിതം ഹിയറിങ്ങിൽ പങ്കെടുക്കാൻ ശ്രീ പി.എം.എ ജലീൽ ഉൾപ്പടെ 8 ഹർജിക്കാർക്കും അറിയിപ്പ് നൽകിയിട്ടും ഹർജിക്കാർ ആരും തന്നെ ഹിയറിങ്ങിൽ പങ്കെടുത്തിട്ടില്ല. ഹിയറിങ്ങിൽ പങ്കെടുക്കാൻ ശ്രീ പി.എം.എ ജലീൽ എന്ന ഒന്നാം ഹർജിക്കാരൻ ചുമതലപ്പെടുത്തിയതായി അറിയിച്ചുകൊണ്ട് അഭിഭാഷകൻ ഹാജരായെങ്കിലും ടിയാളെ ഹർജിക്കാരുടെ വാദം ബോധിപ്പിക്കുന്നതിന് ചുമതലപ്പെടുത്തിയതായി തെളിയിക്കുന്ന ഓതറൈസേഷൻ ലെറ്ററോ മറ്റ് രേഖകളോ ഹാജരാക്കിയിട്ടില്ല. കൂടാതെ, ഹാജരായ അഭിഭാഷകൻ വിഷയവുമായി ബന്ധപ്പെട്ട് പരാതിക്കാരുടെ വാദങ്ങൾ അറിയിക്കുന്നതിന് പകരം ഹിയറിങ് രണ്ടാഴ്ചത്തേക്ക് മാറ്റിവെയ്ക്കണമെന്ന് ആവശ്യപ്പെടുകയാണുണ്ടായത്. ഇപ്രകാരം 07.07.2026ന് നടത്തിയ ഹിയറിങ്ങിൽ ഹർജിക്കാർ ഹാജരാകുകയോ അവരുടെ വാദം ബോധിപ്പിക്കുകയോ ചെയ്തിട്ടില്ല.

(4) തുടർന്ന് പരാമർശം (7) പ്രകാരം ശ്രീ.പി.എം.എ ജലീൽ സർക്കാരിൽ ലഭ്യമാക്കിയ കത്തിൽ, താൻ ആശുപത്രിയിലെ ചികിത്സയെ തുടർന്ന് വിശ്രമത്തിലായതിനാലാണ് 07.07.2026 ലെ ഹിയറിങ്ങിൽ നേരിട്ട് ഹാജരാകാത്തത് എന്നും, തനിക്ക് ബോധിപ്പിക്കാനുള്ള കാര്യങ്ങൾ തപാൽ മുഖേന എഴുതി നൽകുന്നതിനോ നേരിട്ട് ഹാജരാകുന്നതിനോ അവസരം നൽകണമെന്നും അഭ്യർത്ഥിച്ചിരുന്നു. ബഹു. ഹൈക്കോടതി ഉത്തരവ് നടപ്പാക്കുന്നതിനുള്ള സമയപരിധി കണക്കിലെടുത്തുകൊണ്ട്, ഹിയറിങ് അതോറിറ്റി മുൻപാകെ ബോധിപ്പിക്കുവാനുള്ള കാര്യങ്ങൾ ഇമെയിൽ മുഖേന എഴുതി അറിയിക്കാവുന്നതാണ് എന്നും, അല്ലാത്തപക്ഷം പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് ഒന്നും ബോധിപ്പിക്കുവാനില്ല എന്ന് അനുമാനിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ് എന്നും പരാമർശം (8) പ്രകാരം ശ്രീ.പി.എം.എ ജലീലിനെ അറിയിച്ചിരുന്നു.

(5) തുടർന്ന് ശ്രീ.പി.എം.എ ജലീൽ പരാമർശം (9) പ്രകാരം ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ്

മന്ത്രി മുമ്പാകെ നിവേദനം സമർപ്പിച്ചു. പ്രസ്തുത നിവേദനത്തിലും വാർഡ്സഭകൾ പൂർത്തിയാക്കാത്ത ഒറ്റപ്പാലം നഗരസഭയുടെ 2026-27 വാർഷിക പദ്ധതി അംഗീകരിച്ചത് റദ്ദാക്കണമെന്നും, വാർഡ്സഭകൾ പൂർത്തീകരിച്ചതിനു ശേഷം വീണ്ടും പദ്ധതി അംഗീകാരത്തിന് സമർപ്പിക്കാൻ നിർദ്ദേശം നൽകണമെന്നുമാണ് ആവശ്യപ്പെട്ടിട്ടുള്ളത്.

(6) ശ്രീ പി.എം.എ ജലീൽ സമർപ്പിച്ച നിവേദനത്തിന്മേൽ പരാമർശം (5) പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം, 19.03.2026 ന് ചേർന്ന അഡ്ഹോക് ജില്ലാ ആസൂത്രണ സമിതിയോഗത്തിൽ, പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 3.2.1 (1) പ്രകാരം നഗരസഭകളും കോർപ്പറേഷനുകളും വാർഷിക പദ്ധതികൾ തയ്യാറാക്കുമ്പോൾ വാർഡ് സഭകൾ ചേരേണ്ടതും പദ്ധതികളുടെ മുൻഗണന നിശ്ചയിക്കേണ്ടതും നിർബന്ധമാണ് എന്നും, വാർഡ് സഭ ചേരാത്ത സാഹചര്യത്തിൽ പദ്ധതി അംഗീകരിക്കാൻ സാധിക്കില്ലെന്നും ജില്ലാ പ്ലാനിംഗ് ഓഫീസർ ചൂണ്ടിക്കാട്ടിയിരുന്നതായി പരാമർശിച്ചിരിക്കുന്നു. എന്നാൽ, വാർഡ് സഭ ചേരുന്നതിന് പല തവണ നോട്ടീസ് നൽകിയിട്ടും അത് ചേരാതെ നഗരസഭയുടെ വാർഷിക പദ്ധതി തടസ്സപ്പെടുത്തുന്ന പ്രവണത സ്വീകരിക്കുന്നത് അഭികാമ്യമല്ലെന്നും, നിയമസഭാ തെരഞ്ഞെടുപ്പിന്റെ പെരുമാറ്റച്ചട്ടം നിലവിൽ വരാനിരുന്നതിനാൽ, അടിയന്തര പ്രാധാന്യമുള്ള പദ്ധതികളും സ്പിൽ ഓവർ പദ്ധതികളും തടസ്സം കൂടാതെ നടപ്പിലാക്കാനുള്ള സാഹചര്യമുണ്ടാക്കണമെന്നും, സ്പിൽ ഓവർ പദ്ധതികൾ സമർപ്പിക്കുമ്പോൾ, ചേരാത്ത വാർഡ് സഭകൾ ചേർന്ന് പദ്ധതികൾ സമർപ്പിക്കണമെന്നുമുള്ള നിർദ്ദേശത്തോടെയാണ് ഒറ്റപ്പാലം നഗരസഭയുടെ വാർഷിക പദ്ധതിക്ക് ജില്ലാ ആസൂത്രണ സമിതി അധ്യക്ഷൻ അംഗീകാരം നൽകിയത് എന്നും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(7) 07.07.2026 ലെ ഹിയറിങ്ങിൽ ഒറ്റപ്പാലം നഗരസഭയെ പ്രതിനിധീകരിച്ച് അസിസ്റ്റന്റ് സെക്രട്ടറി പങ്കെടുത്തു. പരാമർശം (2) പ്രകാരം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ച സമയക്രമം പാലിച്ചുകൊണ്ട് 05/02/2026 നകം വാർഡുസഭകൾ ചേരുന്നതിനും, വികസന സെമിനാർ, കൗൺസിൽ യോഗം എന്നിവ ചേർന്ന് 20/02/2026 നകം പദ്ധതി സമർപ്പിക്കുന്നതിനും നഗരസഭ നടപടി സ്വീകരിച്ചിട്ടുണ്ട് എന്നും , 2, 6, 9, 11, 23, 25, 27, 28 എന്നീ 8 വാർഡുകളിലെ കൗൺസിലർമാർ വാർഡ് സഭകൾ യഥാസമയം വിളിച്ചു ചേർക്കാത്തതിനാൽ 04/02/2026 ൽ ഒറ്റപ്പാലം നഗരസഭ ചെയർപേഴ്സൺ 12/02/2026 നകം വാർഡുസഭകൾ വിളിച്ചു ചേർക്കുന്നതിന് കൗൺസിലർമാർക്ക് കത്ത് നൽകിയിരുന്നു എന്നും പ്രസ്തുത വാർഡുകളുടെ കൗൺസിലർമാർ ആവശ്യപ്പെട്ടതിൻ പ്രകാരം 2025-26 സാമ്പത്തിക വർഷത്തെ പദ്ധതികളും പദ്ധതി പുരോഗതിയും 05/02/2026 ന് അവലോകനം നടത്തുകയും, പ്രസ്തുത യോഗത്തിൽ 8 കൗൺസിലർമാരും ഒരു വാർഡിലേക്ക് 2026-27 സാമ്പത്തിക വർഷത്തേയ്ക്ക് എത്ര രൂപ റോഡ് പ്രവർത്തികൾക്കായി ലഭ്യമാകുമെന്ന് ആരായുകയും, 10 ലക്ഷം രൂപ വീതം ലഭ്യമാകുമെന്ന് ചെയർപേഴ്സൺ അറിയിക്കുകയും, പ്രസ്തുത വിവരം രേഖാമൂലം നഗരസഭ സെക്രട്ടറി നൽകുകയാണെങ്കിൽ തൊട്ടടുത്ത ദിവസം വാർഡ് സഭാ യോഗം ചേരാമെന്ന് കൗൺസിലർമാർ അറിയിച്ചതായും, അപ്രകാരം വിവരം രേഖാമൂലം നൽകിയതുമാണെന്നും തെളിവ് സഹിതം അസിസ്റ്റന്റ് സെക്രട്ടറി പ്രതിപാദിച്ചിട്ടുണ്ട്. എന്നാൽ തുടർന്നും വാർഡ് സഭ ചേരാത്തതിനാൽ, 25/02/2026 ൽ 26/02/2026 ന് വികസന സെമിനാർ ചേരുമെന്നും

അടിയന്തിരമായി വാർഡ്സഭ ചേരുന്നതിനും വീണ്ടും നഗരസഭ ചെയർപെഴ്സൺ കൗൺസിലർമാർക്ക് കത്ത് നൽകിയിരുന്നു എന്നും ഇപ്രകാരമുള്ള നടപടികൾ നഗരസഭാ യഥാസമയം സ്വീകരിച്ചിട്ടും ബോധപൂർവ്വം പദ്ധതികൾ തടസ്സപ്പെടുത്തുന്നതിനു ഒന്നോ അതിലധികമോ കൗൺസിലർമാർ ചേർന്ന് വാർഡ് സഭാ യോഗങ്ങൾ ചേരാതിരുന്നത് നഗരസഭയുടെ മുഴുവൻ പദ്ധതി പ്രവർത്തനങ്ങളെയും തടസ്സപ്പെടുത്തുന്നതിനാണ് എന്നാണ് അസിസ്റ്റന്റ് സെക്രട്ടറി ബോധിപ്പിച്ചിട്ടുള്ളത്.

ഒറ്റപ്പാലം നഗരസഭയിലെ കൗൺസിലർമാരായ ശ്രീ പി.എം.എ ജലീൽ, ശ്രീ. കെ ബി ശശികുമാർ, ശ്രീ. എം കെ ജയരാജൻ മുതൽ പേർ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ പാലക്കാട് ജില്ലാ ജോയിന്റ് ഡയറക്ടറുടെ 17/06/2026 ലെ LSGD/JD/PKD/998/2026-B1 നമ്പർ കത്ത് പ്രകാരം വാർഡ് സഭ നടത്തിയിട്ടില്ലാത്ത 8 വാർഡുകളിലും അടിയന്തിരമായി വാർഡ് സഭ പൂർത്തീകരിയ്ക്കുന്നതിനും ആവശ്യമായ ഭേദഗതികളോടെ വാർഷിക പദ്ധതി ജില്ലാ ആസൂത്രണ സമിതിയ്ക്ക് അംഗീകാരത്തിനായി സമർപ്പിയ്ക്കുന്നതിനും നിർദ്ദേശിച്ചിരുന്നുവെങ്കിലും, 3 വാർഡ് കൗൺസിലർമാർ (വാർഡ് 9, വാർഡ് 11, വാർഡ് 27) നിലവിലും വാർഡ് സഭ ചേരുന്നതിന് തയ്യാറായിട്ടില്ലാത്തതാണ് എന്നും അസിസ്റ്റന്റ് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. വാർഷിക പദ്ധതി അംഗീകാരം വൈകിയാൽ ആശുപത്രികൾ മുഖേന നൽകേണ്ട മരുന്ന്, ഡയാലിസിസ് യൂണിറ്റ്, അങ്കണവാടി പോഷകാഹാരം, ഭിന്നശേഷിക്കാർക്കുള്ള ആനുകൂല്യം, അതിദരിദ്രർക്കുള്ള ഭക്ഷ്യകിറ്റ് വിതരണം തുടങ്ങിയ പ്രാഥമിക ക്ഷേമ പ്രവർത്തനങ്ങൾ വരെ മുടങ്ങുകയും, ഭരണ പ്രതിസന്ധി സംജാതമാകുകയും, നഗരസഭയുടെ ദൈനംദിന പ്രവർത്തനം തന്നെ നിലച്ച് പോകുന്ന അവസ്ഥയും ഉണ്ടാകുമെന്നും, ജനക്ഷേമ പ്രവർത്തനങ്ങളും വികസന പ്രവർത്തനങ്ങളും നടത്താൻ മുന്നിട്ടിറങ്ങേണ്ട ജനപ്രതിനിധികൾ തന്നെ ആ കർത്തവ്യം കൃത്യമായി പാലിയ്ക്കാതിരിക്കുന്നത് ഗുരുതരമായ വീഴ്ചയാണെന്നും നഗരസഭയുടെ റിപ്പോർട്ടിൽ പരാമർശിച്ചിരിക്കുന്നു. വാർഡ് സഭ കൂടാത്ത 8 വാർഡുകളെ ഒഴിവാക്കി പദ്ധതി സമർപ്പിക്കുക എന്നത് മാത്രമാണ് നഗരസഭയ്ക്ക് സ്വീകരിക്കാനാകുമായിരുന്ന നടപടി എന്നതാണ് അസിസ്റ്റന്റ് സെക്രട്ടറി ബോധിപ്പിച്ച വിവരങ്ങളിൽ നിന്ന് വ്യക്തമാകുന്നത്.

(8) 07.07.2026 ന് നടത്തിയ ഹിയറിങ്, ശ്രീ പി.എം.എ ജലീൽ നൽകിയ പരാതികൾ, ടി പരാതികളിന്മേൽ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, ജില്ല ജോയിന്റ് ഡയറക്ടർ എന്നിവർ ലഭ്യമാക്കിയ റിപ്പോർട്ടുകൾ, ഒറ്റപ്പാലം നഗരസഭയുടെ വിശദമായ റിപ്പോർട്ട്, നിലവിലുള്ള നിയമങ്ങൾ / ചട്ടങ്ങൾ തുടങ്ങിയവയുടെ അടിസ്ഥാനത്തിൽ സർക്കാർ ടി വിഷയം വിശദമായി പരിശോധിച്ചു. പരിശോധനയിൽ ചുവടെ പറയുന്ന കാര്യങ്ങൾ ബോധ്യപ്പെട്ടിട്ടുണ്ട്:

- 02.01.2026 തീയതിയിലെ സ.ഉ.(കൈ) നം.16/2026/തസ്വഭവ നമ്പർ ഉത്തരവിൽ നിർദ്ദേശിച്ച സമയക്രമം പാലിച്ചുകൊണ്ട് 05/02/2026 നകം വാർഡുസഭകൾ ചേരുന്നതിനും, വികസന സെമിനാർ, കൗൺസിൽ യോഗം എന്നിവ ചേർന്ന് 20/02/2026 നകം പദ്ധതി സമർപ്പിക്കുന്നതിനും നഗരസഭ നടപടി സ്വീകരിച്ചിട്ടുണ്ട്.
- 2, 6, 9, 11, 23, 25, 27, 28 എന്നീ 8 വാർഡുകളിലെ കൗൺസിലർമാർ വാർഡ് സഭകൾ യഥാസമയം വിളിച്ച് ചേർക്കാത്തതിനാൽ വാർഡുസഭകൾ വിളിച്ച് ചേർക്കുന്നതിന് കൗൺസിലർമാർക്ക് സമയബന്ധിതമായി നഗരസഭ നിർദ്ദേശം നൽകിയിട്ടുണ്ട്. തുടർന്നും

ബന്ധപ്പെട്ട കൗൺസിലർമാർ വാർഡ് സഭ ചേരുന്നതിന് സന്നദ്ധരായില്ല.

- പ്രസ്തുത വാർഡുകളുടെ കൗൺസിലർമാർ ആവശ്യപ്പെട്ടതിൻ പ്രകാരം പദ്ധതി പുരോഗതി അവലോകനം നടത്തുകയും, റോഡ് പ്രവർത്തികൾ സംബന്ധിച്ച വിവരം രേഖാമൂലം ആവശ്യപ്പെട്ടത് ലഭ്യമാക്കുകയും ചെയ്തിട്ടും വാർഡ് സഭ ചേരുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടില്ല. ഇപ്രകാരമുള്ള നടപടികൾ നഗരസഭാ യഥാസമയം സ്വീകരിച്ചിട്ടും ബോധപൂർവ്വം പദ്ധതികൾ തടസ്സപ്പെടുത്തുന്നതിനു ഒന്നോ അതിലധികമോ കൗൺസിലർമാർ ചേർന്ന് വാർഡ് സഭാ യോഗങ്ങൾ ചേരാതിരുന്നത് നഗരസഭയുടെ മുഴുവൻ പദ്ധതി പ്രവർത്തനങ്ങളെയും തടസപ്പെടുത്തുന്നതാണ്.
- കൗൺസിലർമാരായ ശ്രീ പി എം എ ജലീൽ, ശ്രീ. കെ ബി ശശികുമാർ, ശ്രീ. എം കെ ജയരാജൻ മുതൽ പേർ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ പാലക്കാട് ജില്ലാ ജോയിന്റ് ഡയറക്ടറുടെ 17/06/2026 ലെ LSGD/JD/PKD/998/2026-B1 നമ്പർ കത്ത് പ്രകാരം വാർഡ് സഭ നടത്തിയിട്ടില്ലാത്ത 8 വാർഡുകളിലും അടിയന്തിരമായി വാർഡ് സഭ പൂർത്തീകരിയ്ക്കുന്നതിനും ആവശ്യമായ ഭേദഗതികളോടെ വാർഷിക പദ്ധതി ജില്ലാ ആസൂത്രണ സമിതിയ്ക്ക് അംഗീകാരത്തിനായി സമർപ്പിയ്ക്കുന്നതിനും നിർദ്ദേശിച്ചിരുന്നുവെങ്കിലും, 3 വാർഡ് കൗൺസിലർമാർ (വാർഡ് 9, വാർഡ് 11, വാർഡ് 27) നിലവിലും വാർഡ് സഭ ചേരുന്നതിന് തയ്യാറായിട്ടില്ലാത്തതാണ്.
- ഒറ്റപ്പാലം നഗരസഭയുടെ 27.02.2026 തീയ്യതിയിലെ അടിയന്തര യോഗ തീരുമാനം പരിശോധിച്ചതിൽ, വാർഡ് സഭ ചേരാത്ത 8 വാർഡുകളിലെ പദ്ധതി ഇല്ലാത്തതിനാൽ ടി തുക പൊതുറോഡുകൾക്ക് ഉപയോഗിക്കണമെന്ന് യോഗത്തിൽ ആവശ്യപ്പെട്ടതിൻപ്രകാരം 3 റോഡുകൾ കൂടി ഉൾപ്പെടുത്തി ഭേദഗതികളോടെയാണ് പദ്ധതി അംഗീകരിച്ച് ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിച്ചിട്ടുള്ളത്. വാർഡ് സഭ കൂടിയില്ല എന്ന കാരണത്താൽ നിശ്ചിത വാർഡുകൾക്കായി വിനിയോഗിക്കേണ്ടിയിരുന്ന തുക ഇപ്രകാരം മറ്റ് പദ്ധതിക്കായി മാറ്റി വെച്ചത് നഗരസഭ പുനഃ പരിശോധിക്കേണ്ടതാണ്.
- ഒറ്റപ്പാലം നഗരസഭയുടെ വാർഷിക പദ്ധതി അംഗീകരിക്കുന്ന വേളയിൽ, വാർഡ് സഭ ചേരാത്ത വാർഡുകളിൽ പല തവണ നോട്ടീസ് നൽകിയിട്ടും അത് ചേരാതെ നഗരസഭയുടെ വാർഷിക പദ്ധതി തടസ്സപ്പെടുത്തുന്ന പ്രവണത സ്വീകരിക്കുന്നത് അഭികാമ്യമല്ലാത്തതിനാൽ, നിയമസഭാ തെരഞ്ഞെടുപ്പിന്റെ പെരുമാറ്റച്ചട്ടം നിലവിൽ വരാനിരുന്നതും കൂടി പരിഗണിച്ചുകൊണ്ട് അടിയന്തര പ്രാധാന്യമുള്ള പദ്ധതികളും സ്പിൽ ഓവർ പദ്ധതികളും തടസ്സം കൂടാതെ നടപ്പിലാക്കാനുള്ള സാഹചര്യമുണ്ടാക്കണമെന്നും, സ്പിൽ ഓവർ പദ്ധതികൾ സമർപ്പിക്കുമ്പോൾ ചേരാത്ത വാർഡ് സഭകൾ ചേർന്ന് പദ്ധതികൾ സമർപ്പിക്കണമെന്നുമുള്ള നിർദ്ദേശത്തോടെയാണ് ജില്ലാ ആസൂത്രണ സമിതി അധ്യക്ഷൻ വാർഷിക പദ്ധതിക്ക് അംഗീകാരം നൽകിയത്. മാർഗ്ഗരേഖയിലെ മേൽ വ്യവസ്ഥകൾ പാലിച്ച് ജില്ലാ ആസൂത്രണ സമിതി അധ്യക്ഷൻ കൈക്കൊണ്ട തീരുമാനത്തിൽ അപാകതയുള്ളതായി കാണുന്നില്ല.

(9) കേരള മുനിസിപ്പൽ ആക്ട് സെക്ഷൻ - 42എ പ്രകാരം ഒരു വാർഡിനെ പ്രതിനിധീകരിക്കുന്ന കൗൺസിലറാണ് ആ വാർഡ് സഭയുടെ കൺവീനർ. വാർഡ് സഭ വിളിച്ചുകൂട്ടേണ്ട ചുമതല കൺവീനറായ വാർഡ് കൗൺസിലർക്കാണുള്ളത്. കുറഞ്ഞത് മൂന്ന് മാസത്തിലൊരിക്കലെങ്കിലും വാർഡ് സഭ ചേരേണ്ടതാണ്. മുനിസിപ്പാലിറ്റിയുടെ വികസന പദ്ധതികൾ

രൂപീകരിക്കുന്നതിനാവശ്യമായ വിശദാംശങ്ങൾ ശേഖരിക്കുന്നതിനും സമാഹരിക്കുന്നതിനും സഹായിക്കേണ്ടതും, മുനിസിപ്പൽ പ്രദേശത്ത് നടപ്പാക്കേണ്ട വികസന പ്രവർത്തനങ്ങളെ സംബന്ധിച്ച നിർദ്ദേശങ്ങൾക്ക് രൂപം നൽകുകയും മുൻഗണന നിശ്ചയിക്കുകയും ചെയ്യേണ്ടത് വാർഡ് കമ്മിറ്റി/വാർഡ് സഭകളുടെ ചുമതലകളാണെന്ന് സെക്ഷൻ 45 പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. നിരന്തരം വാർഡ് സഭകൾ വിളിച്ചു ചേർക്കാത്തതായ കൗൺസിലർമാരുടെ നടപടി ബന്ധപ്പെട്ട വാർഡുകളിലെ വികസന പ്രവർത്തികളുടെ നിഷേധത്തിന് വഴിവെയ്ക്കുന്നതോടൊപ്പം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ആകെ വാർഷിക പദ്ധതി ആസൂത്രണത്തിന് തന്നെ വിഘാതം സൃഷ്ടിക്കുന്നതാണ്. കേരള മുനിസിപ്പൽ ആക്ട് സെക്ഷൻ - 91 - 1 (o) പ്രകാരം ഓരോ മൂന്ന് മാസത്തിലും വാർഡ് സഭ ചേരുന്നതിന് തുടർച്ചയായ രണ്ട് തവണ കൺവീനറായ കൗൺസിലർ വീഴ്ച വരുത്തുന്ന പക്ഷം, ടിയാളെ കൗൺസിലർ സ്ഥാനത്തിന് അയോഗ്യനാക്കാവുന്നതാണെന്നും വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്.

(10) മേൽ സാഹചര്യത്തിൽ, ചുവടെ ചേർത്ത നിർദ്ദേശങ്ങൾ നൽകിക്കൊണ്ട് പരാമർശം (3) പരാതി (Exhibit P4) തീർപ്പാക്കുന്നു.

- തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി സ്പിൽഓവർ പ്രോജക്ടുകൾ കൂടി ഉൾപ്പെടുത്തി പരിഷ്കരിക്കുന്നതിനുള്ള സമയപരിധി സൂചന (7), (11) ഉത്തരവുകൾ പ്രകാരം 2026 ജൂലൈ 31 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ, ഒറ്റപ്പാലം നഗരസഭ അവശേഷിക്കുന്ന 3 വാർഡുകളിലെ വാർഡ്സഭകൾ കൂടി അടിയന്തരമായി പൂർത്തീകരിച്ച്, സമയബന്ധിതമായി വാർഷിക പദ്ധതി പരിഷ്കരിച്ച് ജില്ലാ ആസൂത്രണ സമിതി അംഗീകാരം നേടേണ്ടതാണ്.
- കേരള മുനിസിപ്പാലിറ്റി നിയമം നിഷ്കർഷിക്കും പ്രകാരം വാർഡ് സഭകൾ വിളിച്ചു ചേർക്കാൻ ബാധ്യസ്ഥരായ കൗൺസിലർമാർ അവ വിളിച്ചു ചേർക്കാൻ സത്വര നടപടി സ്വീകരിക്കേണ്ടതും, അല്ലാത്ത പക്ഷം കേരള മുനിസിപ്പാലിറ്റി നിയമം പ്രകാരമുള്ള തുടർനടപടി നഗരസഭക്ക് സ്വീകരിക്കാവുന്നതുമാണ്.
- വാർഡ് സഭകൾ പൂർത്തിയാക്കി എല്ലാ വാർഡുകളിലെയും പ്രോജക്ടുകൾക്ക് അർഹമായ മുൻഗണന നൽകിക്കൊണ്ടാണ് വാർഷിക പദ്ധതി പരിഷ്കരിക്കുന്നതെന്ന് ഒറ്റപ്പാലം നഗരസഭാ സെക്രട്ടറി ഉറപ്പാക്കേണ്ടതാണ്.

മേൽപ്രകാരം ബഹു.ഹൈക്കോടതിയുടെ WP(C)No. 17500/2026 നമ്പർ കേസിലെ 22.05.2026-ലെ വിധിന്യായം നടപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
നന്ദന എസ് പിള്ളൈ കെ എ എസ്
അണ്ടർ സെക്രട്ടറി

1. അഡ്വക്കറ്റ് ജനറൽ, കേരള (ആമുഖ കത്ത് സഹിതം)
2. ശ്രീ പി.എം.എ ജലീൽ, പടിക്കമണ്ണിൽ ഹൗസ്, ഒറ്റപ്പാലം പി.ഒ., പാലക്കാട് - 679101
3. ശ്രീ.ഹംസ കെ, കൊടക്കാട് ഹൗസ്, വാറോട് പോസ്റ്റ് - 679102
4. ശ്രീ ജയൻ, പാന്നൂർത്തൊടി ഹൗസ്, തോട്ടക്കര പോസ്റ്റ് - 679102
5. ശ്രീ അമീർ അലി, മങ്കാട്ടുവളപ്പിൽ ഹൗസ്, ഈസ്റ്റ് ഒറ്റപ്പാലം പോസ്റ്റ് - 679101

6. ശ്രീ സെയ്ദ് മുഹമ്മദ്, മലയമ്പാടി ഹൗസ്, പാലപ്പുറം പോസ്റ്റ് - 679103
7. ശ്രീ അഹമ്മദ് കബീർ, പാറക്കൽ ഹൗസ്, പാലപ്പുറം പോസ്റ്റ് - 679103
8. ശ്രീ രതീഷ്.കെ, കല്ലടിതോട്ടിങ്കൽ ഹൗസ്, പാലപ്പുറം പോസ്റ്റ് - 679103
9. ശ്രീ മനോജ് കൃഷ്ണൻ, എം, മേലാൽകൽതൊടി ഹൗസ്, ഒറ്റപ്പാലം പോസ്റ്റ് - 679101
10. സെക്രട്ടറി, ഒറ്റപ്പാലം നഗരസഭ
11. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
12. ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, പാലക്കാട് ജില്ല
13. ജില്ലാ ആസൂത്രണ സമിതി, പാലക്കാട് ജില്ല
14. ജില്ലാ പ്ലാനിംഗ് ഓഫീസർ, പാലക്കാട് ജില്ല
15. ജില്ലാ കലക്ടർ, പാലക്കാട് ജില്ല
16. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്
17. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
18. ഡയറക്ടർ, ഐ & പി ആർ ഡി (വെബ് & ന്യൂ മീഡിയ) വകുപ്പ്

ഉത്തരവിൻ പ്രകാരം

Digitally signed by
Viraj K
Date: 21-07-2026
20:44:18

സെക്ഷൻ ഓഫീസർ

പകർപ്പ്:

തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ യ്ക്ക്

തദ്ദേശ സ്വയംഭരണ ജോയിന്റ് സെക്രട്ടറിയുടെ സി.എ യ്ക്ക്